05 നവംബർ 05
വാല്യം. 36
ലക്കം. 20

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 05-11-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

ഒ.സി.ഐ കാർ പ്രതിസന്ധിയിൽ



ചെന്നൈ: സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ മതപരമായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് മിഷനറി പ്രവർത്തനത്തിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കി. ഇന്ത്യൻ വംശജനായ അമേരിക്കൻ പൗരൻ ജോൺ ഡാനിയലിന്റെ OCI (Overseas Citizen of India) കാർഡ് റദ്ദാക്കിയ നടപടി മദ്രാസ് ഹൈക്കോടതി ശരിവെച്ചു.

ബുധനാഴ്ച ജസ്റ്റിസ് ഭരത ചക്രവർത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. സെപ്റ്റംബർ 4 ന് ബ്യൂറോ ഓഫ് ഇമിഗ്രേഷൻ ഒ.സി.ഐ പെർമിറ്റ് റദ്ദാക്കിയ തീരുമാനം നിയമാനുസൃതമാണെന്ന് കോടതി സ്ഥിരീകരിച്ചു.

ചെന്നൈയിലുള്ള അമ്മയെയും മറ്റ് കുടുംബാംഗങ്ങളെയും കാണാനും കിൽപ്പോക്ക് ഗാർഡൻ റോഡ് സെമിത്തേരിയിലെ മുതിർന്നവരുടെ കല്ലറകളിൽ ആദരാഞ്ജലി അർപ്പിക്കാനുമാണ് താൻ പ്രധാനമായും ഇന്ത്യ സന്ദർശിക്കുന്നതെന്നാണ് ഹർജിക്കാരൻ വാദിച്ചത്. താൻ ഒരു മിഷനറി പ്രവർത്തനത്തിലും ഏർപ്പെട്ടിട്ടില്ലെന്നും ഒ.സി.ഐ കാർഡ് ഉടമകളെ നിയന്ത്രിക്കുന്ന ഒരു നിയമവും ലംഘിച്ചിട്ടില്ലെന്നും അദ്ദേഹം നിഷേധിച്ചു.

എന്നാൽ തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഉടനീളം സഭാ യോഗങ്ങളിലും മറ്റ് മീറ്റിംഗുകളിലും അദ്ദേഹം പ്രസംഗിച്ചതിന് അധികൃതരുടെ പക്കൽ തെളിവുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി. ഈ പരിപാടികളിൽ പൊതുജന പങ്കാളിത്തം ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങളും കോടതിയിൽ ഹാജരാക്കിയ തെളിവുകളിൽ ഉൾപ്പെടുന്നു. 'ആ തെളിവുകൾ കെട്ടിച്ചമച്ചതോ ഉണ്ടാക്കിയതോ ആയി കണക്കാക്കാനാവില്ല,' ജസ്റ്റിസ് ചക്രവർത്തി നിരീക്ഷിച്ചു.

'ഹർജിക്കാരൻ മതപരിവർത്തനത്തിൽ ഏർപ്പെട്ടിട്ടില്ലെന്നും ദൈവത്തിന്റെ സന്ദേശം മാത്രമാണ് പ്രചരിപ്പിക്കുന്നതെന്നും വാദിക്കുന്നത് ഒരു കാര്യമാണ്. മതപരിവർ

(ശേഷം പേജ് 6)

കുമ്പസാരക്കൂട്ടിൽ ഇനി എ.ഐ ജീസസ്



സ്വിറ്റ്സർലൻഡിലെ ലൂസേണിൽ, രാജ്യത്തെ ഏറ്റവും പഴക്കമേറിയ പള്ളികളിലൊന്ന് അതിന്റെ കുമ്പസാരക്കൂട്ടിനുള്ളിൽ AI അധിഷ്ഠിത 'ഡിജിറ്റൽ യേശു'വിനെ അവതരിപ്പിച്ചു.

Deus in Machina എന്ന് പേരിട്ടിരിക്കുന്ന ഈ സംവിധാനം, ഒരു ആത്മീയ സാഹചര്യത്തിൽ ആളുകൾ നിർമ്മിതബുദ്ധിയുമായി എങ്ങനെ ബന്ധപ്പെടുന്നു എന്ന് പഠിക്കാൻ പ്രാദേശിക സർവകലാശാല ഗവേഷകരുമായി സഹകരിച്ചാണ് നിർമ്മിച്ചത്.

100ലധികം ഭാഷകളിൽ സന്ദർശകർക്ക് ഈ AIയോട് ചോദ്യങ്ങൾ ചോദിക്കാം ദൈവശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നും തത്സമയ അകയുക്തിയിൽ നിന്നും ഉള്ള ഉത്തരങ്ങളാണ് ലഭിക്കുക.

1000 ത്തിലധികം ആളുകൾ ഇതിനകം ഈ അനുഭവം പരീക്ഷിച്ചു കഴിഞ്ഞു. പലരും ഇതിനെ അതിശയകരമാംവിധം അർത്ഥവത്തായതായി വിശേഷിപ്പിച്ചപ്പോൾ, മറ്റു ചിലർ ഉത്തരങ്ങൾ വളരെ പൊതുവായതായി കണ്ടെത്തി, ഇത് വിശ്വാസത്തിലും ധ്യാനത്തിലും സാങ്കേതികവിദ്യയുടെ പങ്കിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് തിരികൊളുത്തി.

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക.



9961720195

എഴുപത്തിയഞ്ചാം വയസ്സിൽ ക്രിസ് തോമസ് ബൈബിൾ സ്കൂൾ വിദ്യാർഥി!

പ്രാർത്ഥിക്കാനും പ്രസംഗിക്കാനും പഠിച്ചു



തിരുവല്ല: 65 വയസ്സുവരെ മലയാള മനോരമയിൽ പത്ര പ്രവർത്തനം നടത്തിയ ക്രിസ് തോമസ് എഴുപത്തിയഞ്ചാം വയസ്സിൽ, ഇപ്പോൾ ബൈബിൾ സ്കൂൾ വിദ്യാർഥി. പ്രാർത്ഥിക്കുവാനും പ്രസംഗിക്കുവാനും പഠിച്ചു എന്ന് ക്രിസ്തോമസ് പറയുന്നു.

നവംബർ നാലിലെ ഫെയ്സ് ബുക്ക് കുറുപ്പിലാണ് അദ്ദേഹം തന്റെ അനുഭവം പങ്കുവെച്ചത്.

ക്രിസ് തോമസ് പറയുന്നു:

നിങ്ങൾക്ക് വേറെ ഒരു പണിയുമില്ലേ? കേട്ടവർ കേട്ടവർ ചോദിച്ചത് ഇത് മാത്രം. 65 വയസ്സു വരെ ജോലി ചെയ്ത് പുറത്തിറങ്ങിയിട്ടു വർഷം പത്താകുന്നു! മുതു കൂത്ത് എന്നല്ലാതെ എന്തു പറയാൻ? കൊമ്പാടി എ. എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ആറു മാസ കോഴ്സിൽ വിശുദ്ധ വേദം പഠിക്കയാണു ഞാൻ. (ഡിസംബർ പകുതിയോടെ ഇതു പൂർത്തിയാക്കിയിട്ടു വേണം പരണത്തു വച്ച മലയാളം എം.എ

(ശേഷം പേജ് 6)

കൊച്ചുപ്പാപ്പൻ

വിദേശ പൗരത്വമുള്ള ഓ സി എ ക്കാർക്ക് ആരാധനാലയങ്ങൾക്കുള്ളിൽ പ്രസംഗിക്കാൻ മുൻകൂർ അനുമതി വേണമെന്ന് കോടതി



അമ്പലങ്ങളിലും ഹൈന്ദവാശ്രമങ്ങളിലും എന്തെങ്കിലും വിലക്കുകൾ ഒ.സി. എ ക്കാർക്ക് ഉണ്ടാകുമോ?

നവാപൂർ കൺവൻഷൻ നവംബർ 12 മുതൽ





നവാപൂർ: ഉത്തരഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സമ്മേളനമായ നവാപൂർ കൺവൻഷൻ നവംബർ 12 മുതൽ 15 വരെ മഹാരാഷ്ട്രയിലെ നന്ദൂർബാം ജില്ലയിൽപ്പെട്ട നവാപൂർ ഫിലദൽഫിയ കൺവൻഷൻ സെന്ററിൽ നടക്കും. നവംബർ 12 ന് രാവിലെ 8 ന് ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ നൂറുദീൻ മുള്ള, റെജി മാത്യു, ഡോ. റോജി ജെ. ജോർജ് എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. ഫിലദൽഫിയ കയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം, ഫിലദൽഫിയ ബൈബിൾ കോളജ് ബിരുദദാനം, മെഡിക്കൽ ക്യാമ്പ്, സഹോദരി സമ്മേളനം എന്നിവ നടക്കും.

മരുഭൂമിയുടെ അപ്പൊസ്തല നായിരുന്ന ഡോ. തോമസ് മാത്യു തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഈ ആത്മികസംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. ഇന്ത്യയിലെ 1500ൽ പരം സഭകളിൽ നിന്നുമായി പതിനായിരക്കണക്കിന് വിശ്വാസികൾ കൺവൻഷനിൽ പങ്കെടുക്കും. പാസ്റ്റർമാരായ റെജി തോമസ്, അനിൽ മാത്യൂ, ഏബ്രഹാം കുര്യൻ എന്നിവരുടെ നേതൃത്വത്തിൽ കൺവെൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: **09829666869**

അമേരിക്കയിൽ ഇനി ആർ. എസ്. എസ് ഫ്രണ്ട്

വാഷിങ്ടൺ: യു.എ[illegible] ആർ.എസ്.എസിന്റെ വിദേശ പ്രതിനിധിയായി പ്രവർത്തിക്കുന്നതിന് പുതിയ സംഘടന. 'ആർ.എസ്.എസ്. ഫ്രണ്ട്സ്' എന്ന പേരിൽ സംഘടന ഓഗസ്റ്റ് 27ന് യു.എസ്. നീതിന്യായ വകുപ്പിൽ രജിസ്റ്റർചെയ്തു. ആർ.എസ്.എസിന്റെ വിദേശ പ്രിൻസിപ്പൽ എന്ന നിലയിലാണ് സംഘടനയെ രജിസ്ട്രേഷൻ രേഖകളിൽ ഉൾപ്പെടുത്തിയത്. ഡൽഹിയിലെ കേശവ് കുഞ്ജിലുള്ള ആർ.എസ്.എസ്. ആസ്ഥാനത്തിന്റെ വിലാസവും രേഖകളിലുണ്ട്. യു.എസിൽ



ആർ.എസ്. എസ്. ലോബിയിങ് നടത്തുന്നില്ലെന്നായിരുന്നു സംഘടന നേരത്തേ പറഞ്ഞുകൊണ്ടിരുന്നത്.

വിവര കൈമാറ്റം, വിദ്യാഭ്യാസം, പൊതുജന സമ്പർക്കം, സാമൂഹിക ഇടപെടൽ എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിച്ചാണ് സംഘടന പ്രവർത്തിക്കുകയെന്ന് യു.എസ്. നീതിന്യായ വകുപ്പിന് സമർപ്പിച്ച രേഖകളിൽ പറയുന്നു. പൊതുജനങ്ങൾ, മാധ്യമപ്രവർത്തകർ, ഗവേഷകർ, സാമൂഹിക നേതാക്കൾ, അക്കാദമികനയരൂപവത്കരണ സ്ഥാപനങ്ങൾ, സിവിൽ സൊസൈ

(ശേഷം പേജ് 7)

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം


സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ഞു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com



www.maruppacha.com

മരുപ്പച്ച

വെബ്സൈറ്റിൽ

Email: maruppacha @gmail.com
Whatsapp: 9961720195, 9961103983



വാക്കുകൾ നിശബ്ദമാകുമ്പോൾ !



ബി. ജോൺ വടക്കേപ്പറമ്പിൽ

പാട്ടും പ്രാർത്ഥനയുമായി, എപ്പോഴും ദൈവഭക്തിയിൽ ജീവിക്കുന്നവരിൽ പോലും കൊടുങ്കാറ്റുപോലുള്ള പ്രശ്നങ്ങൾ വരുന്നത് എന്തുകൊണ്ടാണ്? പലപ്പോഴും നാം കേൾക്കുകയും ചോദിക്കുകയും ചെയ്യാറുള്ളതാണ്.

ഒന്നിനുപുറകെ ഒന്നായി പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുമ്പോൾ നാം ദൈവത്തോട് ചോദിക്കാറുണ്ട്:

'കർത്താവേ, എന്താ ഇത്? ഒരു പ്രശ്നത്തിൽ നിന്നൊന്നു കരകയറി ജീവിതം സമാധാനത്തോടെ മുന്നോട്ടുപോകാമെന്നു കരുതുമ്പോഴേക്കും ദാ അടുത്ത പ്രശ്നം? കർത്താവേ, അങ്ങ് ഉറങ്ങുകയാണോ? എന്റെ ജീവിതത്തിൽ സംഭവിക്കുന്നതൊന്നും അങ്ങ് കാണുന്നില്ലേ? ഈ പ്രശ്നങ്ങൾക്കൊന്നും ഒരറുതിയുമില്ലേ?'

എന്നാൽ, ശിഷ്യന്മാർ സഞ്ചരിച്ചിരുന്ന വള്ളം തകർത്തുകളയുമെന്നു തോന്നിപ്പിക്കുന്ന വിധത്തിൽ പെട്ടെന്നൊരു ശക്തമായ കാറ്റും കൊടുങ്കാറ്റും ഉണ്ടായി; തിരമാലകൾ വള്ളത്തിലേക്ക് അടിച്ചുകയറി വെള്ളം നിറഞ്ഞ് കടലിൽ മുങ്ങിപ്പോകുമെന്ന അവസ്ഥയായി.

സകലത്തിനും അധികാരിയായ കർത്താവ് അവരോടൊപ്പം വള്ളത്തിൽത്തന്നെ ഉണ്ടായിരുന്നു എന്ന സത്യം നാം മറന്നുപോകരുത്!

ചോദ്യങ്ങൾ പലതുണ്ടാകാം. ചിലപ്പോൾ പ്രാർത്ഥിക്കാൻ പോലും വാക്കുകൾ കിട്ടിയെന്നുവരില്ല. കാതുകളിൽ മുഴങ്ങുന്ന പ്രക്ഷുബ്ധമായ ഇരമ്പലുകളാൽ തകർന്ന മനസ്സ് ദൈവത്തോടു അപേക്ഷിക്കാൻ പോലും കഴിയാതെ നാം നിശ്ചലരായിപ്പോകുന്നു.

എങ്കിലും, നമ്മുടെ ജീവിതത്തിലെ ഓരോ പ്രതിസന്ധിയും കർത്താവ് അറിയുന്നുണ്ട്. നമ്മുടെ കണ്ണുനീരും നെടുവീർപ്പുകളും ആരും കാണാതെ ഉള്ളിൽ ഒതുക്കി സഹിക്കുന്ന വേദനകളും അവിടുന്ന് അറിയുന്നു.

തിരകളില്ലാത്ത കടലില്ല; പ്രശ്നങ്ങളില്ലാത്ത ജീവിതവുമില്ല! പക്ഷേ പ്രശ്നങ്ങളൊന്നുമില്ലാത്ത ഒരു ജീവിതമാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ ജീവിതത്തിന്റെ യാഥാർഥ്യം മറ്റൊന്നാണ്. ചില കൊടുങ്കാറ്റുകൾ പെട്ടെന്നു ശാന്തമാകും; ചിലത് കുറെ നേരം നമ്മെ പിന്തുടരും. ചില പ്രതിസന്ധികൾക്ക് ഉടനടി പരിഹാരം ലഭിക്കുമ്പോൾ, മറ്റു ചിലതിലൂടെ നമുക്ക് ദീർഘനേരം കടന്നുപോകേണ്ടിവരും.

അതുകൊണ്ട്, നമുക്ക് ഏറ്റവും ആവശ്യമുള്ളത് പ്രശ്നങ്ങളൊന്നുമില്ലാത്ത ജീവിതമല്ല; ഏറ്റവും വലിയ കൊടുങ്കാറ്റുകൾക്കിടയിലും നമ്മെ കൈവിടാത്ത കർത്താവിലുള്ള അചഞ്ചലമായ വിശ്വാസമാണ്!

കാരണം, ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളെയും സ്വന്തം ശക്തികൊണ്ട് കീഴടക്കാൻ നമുക്കാവില്ല. ചില സാഹചര്യങ്ങളിൽ നമ്മുടെ കഴിവുകളും ആത്മവിശ്വാസവും മനുഷ്യസഹായങ്ങളും പരിമിതപ്പെട്ടുപോകും. എന്നാൽ അവിടെയാണ് ദൈവകൃപയുടെ കരുത്ത് നാം തിരിച്ചറിയുന്നത്.

നമ്മുടെ ശക്തി ക്ഷയിച്ചുപോകുമ്പോഴും നമ്മെ താങ്ങിനിർത്തുന്ന ഒരു കരമുണ്ട്. നമുക്ക് മുന്നോട്ടുള്ള വഴി കാണാനാകാതെ വരുമ്പോഴും നമ്മെ കൈപിടിച്ചു നടത്താൻ കഴിവുള്ള ഒരു കർത്താവുണ്ട്. തിരമാലകൾക്കു മീതെ നടന്നുവന്നവന് നമ്മുടെ കൊടുങ്കാറ്റുകളെ ശാന്തമാക്കാനും അവയുടെ നടുവിൽ നമ്മെ താങ്ങിനിർത്താനും കഴിയും! ഒടുവിൽ, ആ വലിയ കാറ്റും പേമാരിയും ശാന്തമാകുമ്പോൾ ഹൃദയത്തിൽ അനുഭവപ്പെടുന്ന ആ കുളിർമ ആ ആശ്വാസം ആ സമാധാനം അതൊന്ന് വേറിട്ട അനുഭവം തന്നെയാണ്!

പ്രശ്നങ്ങളൊന്നും ഇല്ലാത്തതല്ല വിശ്വാസജീവിതത്തിന്റെ അടയാളം; അവയുടെ നടുവിലും കർത്താവിൽ ആശ്രയിച്ച് മുന്നോട്ടുപോകുന്നതാണ് യഥാർഥ വിശ്വാസം.

കൊടുങ്കാറ്റ് എത്ര ശക്തമായാലും, അതിനേക്കാൾ ശക്തനാണ് നമ്മുടെ കർത്താവ്! തിരമാലകൾ എത്ര ഉയർന്നാലും, നമ്മെ കൈവിടാത്ത അവിടുത്തെ കൃപ അതിനേക്കാൾ വലുതാണ്!



ചോദ്യങ്ങൾ പലതുണ്ടാകാം. ചിലപ്പോൾ പ്രാർത്ഥിക്കാൻ പോലും വാക്കുകൾ കിട്ടിയെന്നുവരില്ല. കാതുകളിൽ മുഴങ്ങുന്ന പ്രക്ഷുബ്ധമായ ഇരമ്പലുകളാൽ തകർന്ന മനസ്സ് ദൈവത്തോടു അപേക്ഷിക്കാൻ പോലും കഴിയാതെ നാം നിശ്ചലരായിപ്പോകുന്നു. നമ്മുടെ ശക്തി ക്ഷയിച്ചുപോകുമ്പോഴും നമ്മെ താങ്ങിനിർത്തുന്ന ഒരു കരമുണ്ട്. നമുക്ക് മുന്നോട്ടുള്ള വഴി കാണാനാകാതെ വരുമ്പോഴും നമ്മെ കൈപിടിച്ചു നടത്താൻ കഴിവുള്ള ഒരു കർത്താവുണ്ട്. തിരമാലകൾക്കു മീതെ നടന്നുവന്നവന് നമ്മുടെ കൊടുങ്കാറ്റുകളെ ശാന്തമാക്കാനും അവയുടെ നടുവിൽ നമ്മെ താങ്ങിനിർത്താനും കഴിയും! ഒടുവിൽ, ആ വലിയ കാറ്റും പേമാരിയും ശാന്തമാകുമ്പോൾ ഹൃദയത്തിൽ അനുഭവപ്പെടുന്ന ആ കുളിർമ ആ ആശ്വാസം ആ സമാധാനം... അതൊന്ന് വേറിട്ട അനുഭവം തന്നെയാണ്!





യേശുക്രിസ്തുവാണ് എന്റെ മാതൃക: വി. ഡി. സതീശൻ

തിരുവനന്തപുരം: 'ഞാൻ ക്രിസ്തുവിന്റെ ജീവിതം പിന്തുടരുന്ന ആളാണ്. ഒരു സ്നേഹിതനെ പോലെ ഞാൻ ക്രിസ്തുവുമായി ചങ്ങാത്തത്തിലാണ്.ഒരു യോദ്ധാവിനെ പോലെ അവിടുന്ന് എന്റെ കൂടെയുണ്ട്'. മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു.

അധികാരത്തിൽ എത്തിയ ശേഷം ആദ്യമായി ക്ലിഫ് ഹൗസിൽ തന്നെ സന്ദർശിച്ച പെന്തെക്കോസ്ത് സഭാ നേതാക്കളോടും മാധ്യമപ്രവർത്തകരോടും സംസാരിക്കവെയാണ് മുഖ്യമന്ത്രി ഇങ്ങനെ പറഞ്ഞത്. അധികാരം തനിക്ക് ദൈവീകനിയോഗമാണെന്നും കേരളത്തിന്റെ സമഗ്രമായ പുരോഗതിക്കും നന്മയ്ക്കും വേണ്ടിയുള്ള സമർപ്പണത്തോടെയുള്ള പരിശ്രമത്തിലാണ് താനും മന്ത്രിസഭയുമെന്നും ഈ ദൗത്യത്തിൽ പെന്തെക്കോസ്ത് സമൂഹത്തിന്റെ പ്രാർത്ഥന തനിക്ക് ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

'തെരഞ്ഞെടുപ്പിനു മുമ്പ് എന്നെ പിന്തുണ അറിയിക്കുകയും എനിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത പെന്തെക്കോസ്ത് നേതാക്കളോട് അന്നു ഞാൻ നൽകിയ ഉറപ്പാണ് വിജയിച്ചശേഷം നിങ്ങളെ ഒന്നിച്ചു വിളിക്കുമെന്നത്. ഇന്ന് നിങ്ങളോടെല്ലാം നന്ദി പറയാനും തുടർന്നും പ്രാർത്ഥന അപേക്ഷിക്കാനുമാണ് ഈ ഒത്തുകൂടൽ.'

കേരളത്തിന്റെ സമഗ്ര വികസനത്തിനായി തന്റെ സ്വപ്ന പദ്ധതികൾ അദ്ദേഹം വിവരിച്ചു. എല്ലാദിവസവും ബൈബിൾ വായിക്കുന്നത് തന്റെ ജീവിതചര്യയുടെ ഭാഗമാണെന്നും കുമ്പനാട് കൺവെൻഷനിൽ ആദ്യമായി ബൈബിളിൽ നിന്ന് പ്രസംഗിക്കാൻ അവസരം ലഭിച്ചത് തികച്ചും വ്യത്യസ്തമായ അനുഭവമായിരുന്നെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നിരവധി വേദികളിൽ ബൈബിൾ സന്ദേശങ്ങൾ പ്രസംഗിക്കുവാൻ ക്ഷണിക്കപ്പെട്ടു. ആ പ്രസംഗങ്ങൾ ഒന്നിച്ചു ചേർത്ത് 'ആദമെ നീ എവിടെ?' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചതും അദ്ദേഹം എടുത്തു പറഞ്ഞു. പെന്തെക്കോസ്ത് സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ന്യായമായ ഏത് വിഷയങ്ങളിലും തന്റെ ഗവൺമെന്റ് നിങ്ങളോടൊപ്പം ഉണ്ടാകുമെന്നും ചേർത്തുപിടിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി. വിവിധ സഭകളുടെ നേതാക്കളായ പാസ്റ്റർ കെ.സി തോമസ്, റവ. ടി. ജെ സാമുവൽ, പാസ്റ്റർ വൈ. റെജി, പാസ്റ്റർ സാം ജോർജ്, പാസ്റ്റർ ദാനിയൽ കൊന്നനിൽക്കുന്നതിൽ, പാസ്റ്റർ ഒ. എം രാജുകുട്ടി, പാസ്റ്റർ ഷാജി ഇടുക്കി, പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ ഷിബു കെ. മാത്യു, പാസ്റ്റർ ടിനു ജോർജ്, പാസ്റ്റർ ജുബി ജോൺ, പാസ്റ്റർ ജി.ജെ അലക്സാണ്ടർ, പാസ്റ്റർ എം ഒ. അനിയൻ, പാസ്റ്റർ സാം വർഗീസ്, പാസ്റ്റർ എബി തോമസ് ഉമ്മൻ, പാസ്റ്റർ ജോമോൻ ജോസഫ്, പാസ്റ്റർ കെ.എ എബ്രഹാം, പാസ്റ്റർ ഈശോ ജേക്കബ്, പാസ്റ്റർ ഷിബിൻ സാമുവൽ.

പാസ്റ്റർമാരായ സതീഷ് നെൽസൺ, എൻ. സി. ജോസഫ്, ജോൺ താരു, വിനോദ് ജോസഫ്, ഐസക് തോമസ്, കെ.സി. മാത്യു എന്നിവരും മാധ്യമപ്രവർത്തകരായ ഫിന്നി പി. മാത്യു, അച്ചൻ കുഞ്ഞ് ഇലന്തൂർ, സാംകുട്ടി ചാക്കോനിലമ്പൂർ എന്നിവരും പങ്കെടുത്തു. വിവിധ സഭാ നേതാക്കൾ ഉപഹാരങ്ങൾ നൽകുകയും ആശംസകൾ രേഖപ്പെടുത്തുകയും ചെയ്തു.

പാസ്റ്റർ കെ. സി തോമസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ റവ.ടി.ജെ.സാമുവൽ അനുഗ്രഹ പ്രാർത്ഥന നടത്തി. മുഖ്യമന്ത്രി എല്ലാ സഭാനേതാക്കൾക്കും ഉപഹാരങ്ങൾ നൽകി.














അസംബ്ലീസ് ഓഫ് ഗോഡ്
ജനറൽ കൺവൻഷൻ ജനുവരി 25 മുതൽ 31 വരെ







അടൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ 2027 ജനുവരി 25 മുതൽ 31വരെ പറന്തൽ എ ജി കൺവൻഷൻ സെന്ററിൽ നടക്കും. ജനുവരി 25ന് വൈകിട്ട് 6ന് നടക്കുന്ന പ്രാരംഭ സമ്മേളനത്തിൽ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ ഉദ്ഘാടനം ചെയ്യും.ജനുവരി 31 ഞായറാഴ്ച രാവിലെ 9ന് നടക്കുന്ന പൊതു സഭായോഗത്തോടും കർതൃമേശയോടും കൂടെ കൺവൻഷൻ സമാപിക്കും.

ജനുവരി 26 മുതൽ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വിവിധ സമ്മേളനങ്ങൾ നടക്കും. ദിവസവും വൈകിട്ട് 6 മുതൽ 9 വരെ പൊതുയോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു. അനുഗ്രഹീത ദൈവദാസന്മാർ പ്രഭാഷകരായെത്തിച്ചേരും. എ ജി ക്വയർ ഗാനശുശ്രൂഷ നയിക്കും.

അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ തോമസ് ഫിലിപ്പ് ജനറൽ കൺവീനറായി പ്രവർത്തിക്കും.അസോസിയേറ്റ് കൺവീനർമാരായി മേഖലാ ഡയറക്ടർമാരായ പാസ്റ്റേഴ്സ് സൈമൺ.എം.റ്റി, സ ജി.ജെ, സനൽകുമാർ ആർ എന്നിവർ പ്രവർത്തിക്കും.

കൊറ്റനാട് ഐക്യ പെന്തെക്കോസ്ത് കൺവൻഷൻ





റാന്നി: 8-ാമത് കൊറ്റനാട് ഐക്യ പെന്തെക്കോസ്ത് കൺവൻഷൻ 2026 നവംബർ 26,27,28, തീയതികളിൽ വൈകിട്ട് 6 മുതൽ 9 വരെ പുതുക്കുടി മുക്കിൽ കിഴക്കനാലിൽ ഇവ. സുനിൽ തോമസിന്റെ ഭവനത്തിന് സമീപമുള്ള പന്തലിൽ വെച്ച് നടക്കും. യുപിഎഫ് പ്രസിഡന്റ് ഇവാ. മത്തായി തോമസ് (സുനിൽ കിഴക്കനാലിൽ) ഉദ്ഘാടനം ചെയ്യും. യുപിഎഫ് സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ഷിബു തോമസ് അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ ജോയി പാറയ്ക്കൽ,റവ. ഡോ.കെ.ജെ മാത്യു, ഡോ. ജേക്കബ് മാത്യു എന്നീ അനുഗ്രഹീതരായ ദൈവദാസന്മാർ പ്രസംഗിക്കും. തിമഥി ട്യൂൺസ് തിരുവല്ല ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കും.

പാസ്റ്റർ കെ.വി. ചാക്കോ, ഇവാ. മത്തായി തോമസ്, പാസ്റ്റർ ഏബ്രഹാം ഷിബു തോമസ്, ഇവാ. തോമസ് ജോർജ്, പാസ്റ്റർ ജോർജ് ഫിലിപ്പ്, ഇവാ. ജോബ് കെ. തോമസ് എന്നിവർ നേതൃത്വം നൽകും.

മണക്കാല ശാലേം പിവൈപിഎ മെഗാ ബൈബിൾ ക്വിസ്

അടൂർ: മണക്കാല ഐപിസി ശാലേം പിവൈപിഎ ഒരുക്കുന്ന മെഗാ ബൈബിൾ ക്വിസ് 2027 ജനുവരി 26 ന് അടൂർ മണക്കാല ഐപിസി ശാലേം ഹാളിൽ നടക്കും. വിജയികൾക്ക് ഒന്നാം സമ്മാനം 25000 രൂപയും രണ്ടാം സമ്മാനം 15000 രൂപയും മൂന്നാം സമ്മാനം 10000 രൂപയും നൽകും. ഉൽപ്പത്തി മുതൽ വെളിപ്പാട് വരെയുള്ള പുസ്തകങ്ങളിൽ നിന്നുള്ള ചോദ്യങ്ങളുണ്ടാകും. മെഗാ ക്വിസിന്റെ രജിസ്ട്രേഷൻ ഫീസ് 100 രൂപ മാത്രമാണ്. രാവിലെ 10 ന് പ്രാഥമിക റൗണ്ട് ആരംഭിക്കും. നവംബർ 15 ആണ് രജിസ്ട്രേഷന്റെ അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക്: Ph: 8848594801, 9562102421, 9496310446, 8281604735.

സെലിബ്രേഷൻ ചർച്ച് സീനിയർ പാസ്റ്റർ പാസ്റ്റർ സാംസൺ സാബു
പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ഇനി പാസ്റ്റർ എമിരിറ്റസ് ആയി തുടരും




ചിക്കാഗോ: ചിക്കാഗോയിലെ ആദ്യകാല മലയാളി പെന്തെക്കോസ്ത് സഭകളിലൊന്നായ സെലിബ്രേഷൻ ചർച്ചിന്റെ (മുൻ ഐസിഎജി) പുതിയ സീനിയർ പാസ്റ്ററായി പാസ്റ്റർ സാംസൺ സാബു നിയമിതനായി. സഭയിൽ ലീഡ് പാസ്റ്ററായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു അദ്ദേഹം. കഴിഞ്ഞ 49 വർഷമായി സഭയുടെ സീനിയർ പാസ്റ്ററായി നേതൃത്വം നൽകിയിരുന്ന പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ പാസ്റ്റർ എമിരിറ്റസ് എന്ന പദവിയിലേക്ക് മാറി.

നിയമനവുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടികൾക്ക് സഭയുടെ അഡ്മിനിസ്ട്രേറ്റീവ് ബോർഡും അസംബ്ലീസ് ഓഫ് ഗോഡ് ചിക്കാഗോ റീജിയൻ അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ റോൺ ഹെയ്റ്റ്മാനും നേതൃത്വം നൽകി. പാസ്റ്റർ സാംസൺ സാബുവിന്റെ പിതാവ് പാസ്റ്റർ സാബു ഔസേപ്പും സഹോദരൻ പാസ്റ്റർ ജസ്റ്റിൻ സാബുവും വിവിധ ശുശ്രൂഷകളിൽ പങ്കുചേർന്നു.

അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ബിറ്റർ പാസ്റ്റർ ജോസ് ഫിഗോരിയ ദൈവവചനം ശുശ്രൂഷിച്ചു. സഭാ സെക്രട്ടറി ബെഞ്ചമിൻ ജോൺ യോഗനടപടികൾക്ക് നേതൃത്വം നൽകി. സഭയുടെ പാസ്റ്ററൽ ടീം അംഗങ്ങളായ ഡോ. അലക്സ് കോശി, പാസ്റ്റർ ചെറിയാൻ തോമസ് എന്നിവരും ഡീക്കന്മാരായ വർഗീസ് സാമുവൽ, ജോസഫ് ഡാനിയേൽ, ജോൺ വർഗീസ്, സജി ഫിലിപ്പ്, ഡോ. വർഗീസ് മത്തായി, ലീസ് കാര്യാടിയിൽ എന്നിവരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നിരവധി വിശ്വാസികൾ ചടങ്ങിൽ പങ്കെടുത്തു. കെവിൻ ജോസഫ് കൃതജ്ഞത രേഖപ്പെടുത്തി. 1975ൽ പാസ്റ്റർ കെ. എ. എബ്രഹാം സ്ഥാപിച്ച ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് (ഐസിഎജി) എന്ന സഭയാണ് പിന്നീട് സെലിബ്രേഷൻ ചർച്ച് എന്ന പേരിൽ അറിയപ്പെട്ടത്. സഭയുടെ ചരിത്രത്തിലെ മൂന്നാമത്തെ സീനിയർ പാസ്റ്ററായാണ് പാസ്റ്റർ സാംസൺ സാബു ചുമതലയേൽക്കുന്നത്. അരനൂറ്റാണ്ടോളം സഭയെ നയിച്ച പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസന്റെ അനുഭവസമ്പത്തും നേതൃത്വവും തുടർന്നും സഭയ്ക്കും ചിക്കാഗോയിലെ വിശ്വാസസമൂഹത്തിനും പ്രയോജനപ്പെടുമെന്ന് സഭാ നേതൃത്വം അറിയിച്ചു. ഈ വർഷം ചിക്കാഗോയിൽ നടന്ന നാല്പതാമത് പിസിനാക് (PCNAK) കോൺഫറൻസിന്റെ നാഷണൽ കൺവീനറായും പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ സേവനമനുഷ്ഠിച്ചിരുന്നു.

NEW BOOK NOW AVAILABLE

COMBO OFFER



ജീവിതം പകുത്തു നൽകുന്നവർ ₹180
കേരള ക്രൈസ്തവസഭ ചരിത്രവഴികളും സംസ്കാരവും ₹270
ജെൻ സി വൈബും നിർമ്മിത ബുദ്ധിയും ₹180

THREE BOOKS COMBO
TOTAL ~~₹630~~
Offer Price Rs. 600 +
POSTAGE FREE

DEEPTHI PUBLICATIONS | PLANTHOTTAM COMPLEX | THIRUVALLA 1
For copies +91 9961720195

'ജെൻസി'കളുടെ സമരാഗ്നി..!!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

ഈ വരികൾ കുറിക്കുമ്പോൾ ഫ്രാൻസ്, ജർമ്മനി, ഇറ്റലി, സ്പെയിൻ, പോർച്ചുഗൽ, അൽബേനിയ, സെർബിയ തുടങ്ങിയ പതിനേഴിലധികം യൂറോപ്യൻ രാജ്യങ്ങളിൽ ജെൻസികൾ (Gen Z) എന്നറിയപ്പെടുന്ന യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ പടരുകയാണ്. അക്രമാസക്തരായ സമരക്കാരും പോലീസും തമ്മിൽ ഏറ്റുമുട്ടുന്നു. വ്യാപാരസ്ഥാപനങ്ങൾ അടിച്ചു തകർത്തും വാഹനങ്ങൾക്ക് തീയിട്ടുംകൊണ്ട് സർക്കാരുകൾക്ക് പരിഹരിക്കാൻ പ്രയാസമാകും വിധം പല നഗരങ്ങളിലും യുദ്ധ സമാനമായ സ്ഥിതിയാണ്. ജലപീരങ്കിയും കണ്ണീർവാതകവും മറ്റും പ്രയോഗിക്കപ്പെടുന്നു. ലോകമെങ്ങും ഈ നാളുകളിൽ മാറ്റത്തിനായുള്ള ചെറുപ്പക്കാരുടെ മുറവിളി ശക്തമാകുകയാണ്. അതുകണ്ട് ഭരണകൂടങ്ങളും ന്യായാധിപന്മാരുമെല്ലാം പരിഭ്രാന്തിയിലായിരിക്കുകയാണ്. നമ്മുടെ രാജ്യ തലസ്ഥാനത്തും മറ്റ് പല സംസ്ഥാനങ്ങളിലും യുവജനങ്ങൾ പ്രതിഷേധങ്ങളുമായി രംഗത്തിറങ്ങിയത് നാളുകളായി വാർത്തയിൽ നിറഞ്ഞുനില്ക്കുകയാണല്ലോ.ഭരണകൂടങ്ങളെ തകിടം മറിച്ച് ജനക്കൂട്ടം അധികാരികളെ പിടികൂടി കൈകാര്യം ചെയ്യുന്ന വിപ്ലവങ്ങൾ ലോകചരിത്രത്തിൽ സംഭവിക്കാറുള്ളതാണ്. ഫ്രഞ്ച് വിപ്ലവവും, റഷ്യൻ വിപ്ലവവും, സോവിയറ്റ് യൂണിയന്റെ രൂപീകരണവും, ജർമ്മനിയെ രണ്ട് രാജ്യങ്ങളായി വിഭജിച്ച ബർലിൻ മതിലും പിന്നീട് സോവ്യറ്റ് യൂണിയൻ തന്നെ ഇല്ലാതായതും ഇസ്ലാമിക വിപ്ലവവും മുല്ലപ്പൂ വിപ്ലവവും അടുത്ത കാലത്തായി ബംഗ്ലാദേശിലും നേപ്പാളിലുമെല്ലാം ഭരണകൂടങ്ങളെ പിഴുതെറിഞ്ഞത് ഇത്തരം ജനമുന്നേറ്റങ്ങളാൽ സംഭവിച്ചവയാണ്.

പുരാതന കാലത്ത് മിസ്രയീമിൽ അടിമകളായിക്കഴിഞ്ഞിരുന്ന ഇസ്രയേൽ ജനത്തെ മോശയുടെ നേതൃത്വത്തിൽ വിടുവിച്ചെടുത്ത് കനാനിലേക്ക് എത്തിക്കുന്ന സംഭവപരമ്പര ബൈബിളിലെ പുറപ്പാട് മുതലുള്ള പുസ്തകങ്ങളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആ പ്രക്ഷോഭം ഒരു സംഘം പ്രതിഷേധക്കാരുടെ മാനുഷികമായ പ്രയത്നമായിരുന്നില്ല. യഹോവയായ ദൈവം മുൾപ്പടർപ്പിലെ അഗ്നിയിൽ മോശയ്ക്ക് വെളിപ്പെട്ടതോടെയാണ് തികച്ചും ദുർബലരായിരുന്ന ഒരു ജനതയ്ക്ക് വിമോചനത്തിനായുള്ള സമരാഗ്നി പകർന്നുകിട്ടിയത്. മോശയിലൂടെ നിരന്തരമായി ദൈവശക്തിയുടെ പ്രദർശനം മഹാ ബാധകളായി സംഭവിച്ചതിനു ശേഷമായിരുന്നു ആ വിമോചനം സാധ്യമായത്.



ഏകദേശം നാല്പത് വയസ്സുള്ളപ്പോൾ ഒട്ടും ക്ഷമയില്ലാതെ ഒരു മിസ്രയീമ്യനെ അടിച്ചുകൊന്ന് മണലിൽ മറവുചെയ്ത മോശയുടെ ഉള്ളിൽ അന്ന് ജ്വലിച്ചത് രോഷാഗ്നിയായിരുന്നു. എന്നാൽ പിന്നീട് മിദ്യാനിലെ നാല്പത് വർഷത്തെ ആടുമേയ്ക്കലിന് ശേഷം കത്തുന്ന മുൾപ്പടർപ്പിൽ ദൈവപ്രത്യക്ഷത ഉണ്ടായപ്പോഴാണ് മോശ ക്ഷമയും സഹിഷ്ണുതയും ഉള്ളവനായി മാറിയത്. മുൾപ്പടർപ്പിലെ ആ ദിവ്യാഗ്നിയിൽ നിന്ന് മോശയുടെ ഹൃദയത്തിലേക്ക് ഒരു പകർച്ച സംഭവിച്ചു. തന്മൂലം, നൂറ്റാണ്ടുകളായി അടിമവേല ചെയ്തിരുന്ന ഒരു ജനതയുടെ ഉള്ളിൽ സ്വാഭാവികമായി രൂപപ്പെടേണ്ടിയിരുന്ന ഫറവോനോടും മിസ്രയീമ്യരോടുമുള്ള രോഷാഗ്നിക്കു പകരം സഹിഷ്ണുതയും സൗമ്യതയുമാണ് ഉളവായത്. അതിന് കാരണം: "അടിക്കുന്നവർക്ക് മുതുകും രോമം പറിക്കുന്നവർക്ക് കവിളും കാണിച്ചുകൊടുത്ത, മുഖം നിന്ദയ്ക്കും തുപ്പലിനും മറയ്ക്കാത്ത സാക്ഷാൽ ദൈവപുത്രനായ മശിഹയെക്കുറിച്ചുള്ള വെളിപ്പാടാണ്. ആ വെളിപ്പാട് ലഭിച്ചതിനാലാണ് 'മിസ്രയീമിലെ സകല നിക്ഷേപങ്ങളെക്കാളും ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണി'ക്കൊണ്ട്, തന്റെ ജനത്തെ ദൈവാധിപത്യത്തിന് കീഴിലേക്ക് എത്തിക്കുവാൻ മോശയ്ക്ക് സാധിച്ചത്!

ആധുനിക വിപ്ലവങ്ങളുടെ ലക്ഷ്യം എന്തുതന്നെയായിരുന്നാലും ജനാധിപത്യത്തിന്റെ പഴുതുകൾ പ്രയോജനപ്പെടുത്തി ലഹളകളും അക്രമങ്ങളും പ്രയോഗിച്ചുകൊണ്ടുള്ള മാർഗ്ഗത്തിൽ നടത്തുന്ന പ്രക്ഷോഭങ്ങൾക്കുപിന്നിൽ ജ്വലിക്കുന്ന അഗ്നി വിനാശത്തിന്റെ സ്വഭാവമുള്ള രോഷാഗ്നിയാണ്. സമത്വ സുന്ദരമായ വ്യവസ്ഥിതിയെപ്പറ്റി മോഹനവാഗ്ദാനങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുത്ത കമ്മ്യൂണിസവും മറ്റ് തീവ്ര മതഭരണകൂടങ്ങളുമെല്ലാം പൊതുജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്തും, അടിമപ്പെടുത്തിയും അവരുടെ വസ്തുവകകൾ കണ്ടുകെട്ടിയും, ഏകാധിപതികളായ നേതാക്കൾക്ക് വഴങ്ങാത്തവരെ നിഷ്കരുണം തുടച്ചുനീക്കിയുമാണ് അധികാരം നിലനിർത്തുന്നത്. അതിനാൽ നീതിയോടും ന്യായത്തോടുംകൂടെ ലോകത്തെ ഭരിക്കാനുള്ള പ്രാപ്തി തങ്ങൾക്കില്ലെന്ന് അവർ സ്വയം വെളിപ്പെടുത്തുകയാണ്. വീടും പറമ്പും വിറ്റും പണയപ്പെടുത്തിയും കിട്ടിയ പണംകൊണ്ട് കൂടുതൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉന്നതവിദ്യാഭ്യാസവും തൊഴിലും തേടി പാശ്ചാത്യരാജ്യങ്ങളിൽ ചേക്കേറിയ 'നമ്മുടെ ജെൻസി'കൾക്ക് 'അവിടെയുള്ള ജെൻസി'കളോടൊപ്പം ചേർന്ന് സമരം ചെയ്യാൻ അവസരമില്ലെന്നതാണ് യാഥാർത്ഥ്യം. ഈ സമരാഗ്നിയെല്ലാം അവനവന്റെ നാട്ടിൽ മാത്രമേ ജ്വലിപ്പിക്കാനാകൂ! ഇവിടെ നമുക്ക് കൊടി പിടിക്കാം, കടകളടപ്പിക്കാം, വ്യവസായങ്ങൾ പൂട്ടിക്കാം, വാഹനങ്ങൾ കത്തിക്കാം, എതിരാളികളെ കരിഓയിൽ പൂശാം, കോലം കത്തിക്കാം, കയ്യേറ്റം ചെയ്യാം, ഉള്ളിലുള്ള സമരാഗ്നി യഥേഷ്ടം വെളിപ്പെടുത്താം.

ഇതിനെല്ലാം നേതൃത്വം കൊടുക്കുന്ന അഭിനവ വിപ്ലവസിംഹങ്ങളുടെ മക്കൾ പലരും വിദേശത്ത് പഠിച്ചവരും ബിസിനസ് ചെയ്യുന്നവരും, പഠിക്കുന്നവരുമാണ്; പക്ഷേ അവരിലൊന്നും സമരാഗ്നിയുടെ ഒരു തീപ്പൊരി പോലും കാണുകയില്ല! എന്തിന്, യൂട്യൂബർമാരും വ്ളോഗർമാരുമെല്ലാം വിദേശങ്ങളിലിരുന്നുകൊണ്ട് നമ്മുടെ നാട്ടിലെ സംഭവങ്ങളെപ്പറ്റി റീലുകളുണ്ടാക്കുന്നതുപോലെ ആ രാജ്യങ്ങളിലെ നടപടികളെപ്പറ്റിയോ അവിടത്തെ സംഭവങ്ങളെപ്പറ്റിയോ എന്തെങ്കിലും സ്വതന്ത്രമായ അഭിപ്രായം തട്ടിവിട്ടാൽ, അഥവാ ചിത്രീകരിച്ചാൽ പിന്നെ എന്തായിരിക്കും സംഭവിക്കുക എന്ന് ഊഹിക്കാവുന്നതേയുള്ളു. എന്തായാലും ഇപ്പോൾ യൂറോപ്യൻ രാജ്യങ്ങളെ ഓർത്തും നമ്മുടെ യുവജനങ്ങൾക്കായും മുട്ടിപ്പായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു! "ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായത് നിരൂപിക്കുന്നതും എന്ത്?" എന്ന് സങ്കീർത്തനക്കാരൻ (2:1) ചോദിക്കുന്നു. 'സമുദ്രങ്ങളുടെ മുഴക്കവും തിരമാലകളുടെ കോപവും ജാതികളുടെ കലഹവും ശമിപ്പിക്കുന്ന'വനായ കർത്താവ് (സങ്കീ. 65:7) ഭൂമിയുടെ അറ്റം വരെയും യുദ്ധങ്ങളെ നിർത്തൽ ചെയ്യുന്നവനായി വെളിപ്പെടും (സങ്കീ. 46:9). ഒരു രാജാവ് നീതിയോടെ ഭരിക്കും...എന്ന് യെശയ്യാവ് പറയുന്നു. കത്തുന്ന തീയുടെ നടുവിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളികൾ പോലെ ദൈവം നമ്മുടെ തല മുറയെ രക്ഷിക്കുവാനും അവർ പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ നിറയപ്പെട്ടവരായി, ക്ഷമയും സഹിഷ്ണുതയും സൗമ്യതയും ഉള്ളവരായി, 'വാഗ്ദത്തം' അവകാശമാക്കുന്നതിനായും പ്രാർത്ഥിക്കാം.



ഒ.സി.ഐ കാർ പ്രതിസന്ധിയിൽ...

(1-ാം പേജ് തുടർച്ച)

ത്തനത്തിന് മാത്രമല്ല, തന്റെ മതം പ്രസംഗിക്കുന്ന ഒരു മിഷനറിയായി പ്രവർത്തിക്കാൻ പോലും മുൻകൂർ അനുമതി നിർബന്ധമാണ്,' എന്നും കോടതി നിരീക്ഷിച്ചു. ഇന്ത്യയിൽ ഒരിക്കലും മിഷനറി പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടില്ലെന്ന ഡാനിയലിന്റെ അവകാശവാദം 'പ്രഥമദൃഷ്ട്യാ ഒരു കള്ളമാണ്' എന്ന് ജഡ്ജി വിധിച്ചു.

അമ്മയെ സന്ദർശിക്കാൻ സാധാരണ വിസയ്ക്ക് അപേക്ഷിക്കാൻ ഹർജിക്കാരന് സ്വാതന്ത്ര്യമുണ്ടെന്നും എന്നാൽ സർക്കാരിന്റെ അനുമതി ലഭിക്കാതെ മതപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് വിലക്കുണ്ടെന്നും കോടതി വ്യക്തമാക്കി.

ക്രിസ് തോമസ് ബൈബിൾ സ്കൂൾ വിദ്യാർഥി!....

(1-ാം പേജ് തുടർച്ച)

പഠനം പുനരാരംഭിക്കാൻ ...).

കാരണഭൂതൻ മാർതോമാ സഭയിലെ തീത്തോസ് തിരുമേനിയാണ്. ഭിന്നശേഷിക്കാരായ കുട്ടികളെ പരിശീലിപ്പിക്കുന്ന തെള്ളിയൂർ എം.സി.ആർ.ഡിയുടെ ഡയറക്ടർ ബോർഡ് ആണു വേദി. യോഗം തുടങ്ങുന്നതിനു മുൻപ് തിരുമേനി വെടി പൊട്ടിച്ചു. ക്രിസ് തോമസ് പ്രാർഥിച്ചാട്ടെ... പൊതുവേദിയിൽ പ്രാർഥിക്കുന്നതു പോകട്ടെ, വാ തുറക്കുന്നതു തന്നെ ഇഷ്ടമില്ലാത്തയാളാണ് ഞാൻ. ഓക്കേർഡ് സൈലൻസിന് അന്ത്യം കുറിച്ചു വിനോദ് ഈശോ അച്ചൻ പ്രാരംഭ പ്രാർഥന ഏറ്റെടുത്തു. കുറ്റപ്പുഴയിലെ സഹവികാരി എന്ന നിലയിൽ എന്റെ ബലഹീനത അച്ചന് അറിയാമായിരുന്നു.

വർഷം രണ്ടു മൂന്നു കഴിഞ്ഞു... പ്രാർഥിക്കാൻ പഠിക്കണമെന്ന മോഹവുമായാണ് പി.സി ജയിംസ് അച്ചന്റെ മടയിൽ ചെന്നു കയറിയത്. കോഴ്സ് പകുതി പിന്നിട്ടപ്പോൾ ജയിംസ് അച്ചനു പകരം ഡയറക്ടറായി ജേക്കബ് ജോർജ് അച്ചനെത്തി. പുതിയ ഭരണസമിതി ചുമതലയേറ്റു. 1970ൽ അടൂർ യൂത്ത് സെന്ററിൽ നടന്ന ദിവാര സംഗീത ക്യാംപിൽ സഹപാഠിയായി തുടങ്ങി ഇന്നും അടുത്ത കൂട്ടുകാരനായി തുടരുന്ന രാജു വെണ്ണിക്കുളമാണ് വൈസ് പ്രസിഡന്റ്. ട്രഷററായി ചുമതലയേറ്റ പി. പി. അച്ചൻകുഞ്ഞിനേയും എത്രയോ വർഷങ്ങളായി അടുത്തറിയാം.

എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കമ്മിറ്റി അംഗമായി എന്നെ ഇപ്പോൾ നോമിനേറ്റ് ചെയ്തിരിക്കുന്നു. വിദ്യാർഥിക്ക് ഒരു ഡബിൾ പ്രമോഷൻ കിട്ടിയ സുഖം!

ചെറുപ്പക്കാരായ സഹപാഠികളെ ഒഴിവാക്കി എടുത്ത ചിത്രത്തിൽ എനിക്കൊപ്പമുള്ളത് ജോർജ് തോമസാണ്. ഇ. എസ്. ഐയിൽ ഉദ്യോഗസ്ഥനായിരുന്ന ഈ അയിരൂർ സ്വദേശി ഇടവക മിഷൻ ഭാരവാഹിയും ഗിദയോൻസിന്റെ സജീവ പ്രവർത്തകനുമാണ്.

എഴുതി തീർക്കും മുൻപ് ഒരു കൊച്ചു തമാശ: ചിത്രത്തിൽ എന്റെ വലതു വശത്തു കാണുന്നബാഗിന് കൊച്ചു മക്കൾ നൽകിയ വിശേഷണം... അപ്പച്ചന്റെ സ്കൂൾ ബാഗ്!

ശേഷവിശേഷം : നാളെ (നവംബർ 4) ഇൻസ്റ്റ്യൂട്ടിൽ പുതിയ കോഴ്സ് ആരംഭിക്കയാണ്. അതിന്റെ വിവരങ്ങൾ ഇതോടൊപ്പം. ചേരാൻ ഞാൻ പറയില്ല. ചേർന്നാൽ നിങ്ങൾക്കു കൊള്ളാം. എന്നാൽ ഒരു കാര്യം പറയാം. ഞാൻ ഹാപ്പിയാണ്. പ്രാർഥിക്കാൻ പഠിച്ചു... പ്രസംഗിക്കാനും.

സ്തുതിയായിരിക്കട്ടെ.

MM 70/26 Syrian Christian Pentecostal parents invite proposal for their daughter 28 (15 July 1998), MBA, Worked at Ernst and Young as Tax Analyst. Now working at Deloitte. Seeking alliance from parents of spiritual and educated boys.

Ph: 9447069885
9447248221

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 69/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ടു ദൈവകൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 68/26 ചേരമർ ക്രിസ്ത്യൻ സി.എ സ്റ്റു.ഐ. സഭാംഗമായ യുവാവ്. 41 വയസ്സ്, 160 സെ.മീ. ഉയരം. കോട്ടയം കുമരകത്ത് റിസോർട്ടിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഒന്നുമില്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 67/26 ചേരമർ ക്രിസ്ത്യൻ സി.എ സ്റ്റു.ഐ. സഭാംഗമായ യുവതി. 40 വയസ്സ്. ബി.എ സ്റ്റു.സി. നെഴ്സ്. കേരളത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഇല്ലഅനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 66/26 പെന്തെക്കോസ്ത് യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ട് ദൈവകൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 65/26 കോട്ടയത്തെ പ്രമുഖ സ്വകാര്യസ്ഥാപനത്തിൽ ജോലിയുള്ള ഹൈന്ദവ പശ്ചാത്തലത്തിൽ നിന്ന് പന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 32 വയസ്സ് 168 സെ.മീ. ഉയരം.അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജാതി ഏതുമാകാം.

9567045696, 8139066416

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 64/26 കോട്ടയത്തുള്ള ഡിസ്റ്റിബ്യൂഷൻ കമ്പനിയിൽ ജോലിയുള്ള യാക്കോബായ സഭാംഗമായ യുവാവ്. 33 വയസ്. +2, ഐ.റ്റി. ഐ., അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9605122023,
9544205573

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 63/26 മധ്യ തിരുവിതാം കൂറിലെ എയ്ഡഡ് സ്കൂളിൽ സ്ഥിരം ജോലിയുള്ള ബ്രദറൺ യുവാവ്. 36 വയസ്. 175 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

7510358336

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 62/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ. മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 60/26 US-settled, God-fearing Christian boy (26), professionally qualified with degree in business studies, currently employed with a multinational company, well-settled, talented, and family-oriented. Parents are seeking a suitable God-fearing Christian girl, preferably from the medical field, for marriage. For further details, please contact:

469-858-2999

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 59/26 Syrian Christian Pentecostal parents from Pathanamthitta District invite



suitable proposals for their son, 45 yrs, widower since 7 years, Pastoring a church and involved in church planting ministry across India, with B.A, M.Div, ITES and persuing Doctorate from a reputed international University.
Parents of suitable girls/widows who have a calling for full-time ministry please contact

+91 9847854225

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 58/26 CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.

9969819656
Email:
chauhansurekha311@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 57/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 56/26 ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'

9567525255, 9744043028

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 55/26 തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9744632187

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി.എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181
or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080, 9382599333
ckreji@gmail.com,
ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

അമേരിക്കയിൽ ഇനി ആർ. എസ്. എസ്...

(1-ാം പേജ് തുടർച്ച)

റ്റി സംഘടനകൾ എന്നിവരുമായി ആശയവിനിമയം നടത്തുമെന്നും അവശ്യഘട്ടങ്ങളിൽ സർക്കാർ ഏജൻസികളുമായും ഉദ്യോഗസ്ഥരുമായും ബന്ധപ്പെടുമെന്നും രേഖകളിലുണ്ട്.

ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത് ന്യൂയോർക്കിലെ മാഡിസൺ സ്കയർ ഗാർഡനിലെ പരിപാടിയിൽ പങ്കെടുക്കുന്നതിന് ദിവസങ്ങൾക്കുമുൻപാണ് ആർ.എസ്.എസ്. ഫ്രണ്ട്സിന്റെ രജിസ്ട്രേഷൻ നടന്നത്. നൂറാംവാർഷികം ആഘോഷിച്ച ആർ.എസ്.എസ്., ബി.ജെ.പി. യുടെ പ്രത്യയശാസ്ത്ര അടിത്തറയായാണ് അറിയപ്പെടുന്നത്. യു.എസിലെ ഇന്ത്യൻ വംശജർക്കിടയിൽ സംഘടനയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പുതിയ നീക്കമെന്നാണ് വിലയിരുത്തൽ. ആർ.എസ്.എസിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ തിരുത്തുകയാണ് സംഘടനയുടെ ലക്ഷ്യമെന്ന് ആർ.എസ്.എസ്. ഫ്രണ്ട്സിന്റെ വെബ്സൈറ്റിൽ പറയുന്നു. രാഷ്ട്രീയ ലക്ഷ്യത്തോടെ ചിലർ ആർ.എസ്.എസിനെക്കുറിച്ച് തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുന്നുണ്ട്. ഇത് യു.എസിലെ ഇന്ത്യൻ വംശജരെയും പ്രത്യേകിച്ച്, ഹൈന്ദവരെയും പ്രതികൂലമായി ബാധിക്കുന്നതായും വെബ്സൈറ്റ് അവകാശപ്പെടുന്നു.

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101
www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക
05 നവംബർ 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 05 -11 - 2026

അപ്പൊസ്തലന്മാരുടെ പാദങ്ങൾ പതിഞ്ഞ
ദീപുകളിലൂടെ സഞ്ചാരം!

ക്രേത്ത – കുപ്രോസ് – മെലിത്ത
CRETE – CYPRUS – MALTA

9 പകലുകൾ
8 രാത്രികൾ

- അപ്പോസ്തലനായ പൗലോസിന്റെ മിഷനറി സഞ്ചാരപഥം.
- വിശുദ്ധന്മാരായ മർക്കോസ്,
- ബർന്നബാസ്, ലാസർ,
- തിമോഥി, തീത്തോസ് തുടങ്ങിയവരുടെ പ്രേഷിത ഭൂമിക!
- ആദിമ വിശുദ്ധന്മാരുടെ ദീപുകൾ
- പുതിയ നിയമത്തിലെ ദീപുകൾ



The Olive Way TOURS

91 9961720195
9961103983
olivewaytours@yahoo.com

Shaji Samuel
CPA



shajisamuel.cpa
info@shajisamuel.cpa

Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080
+1 469 782 4423

ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇൻഡ്യാ



46-ാമത്
നവാപൂർ കൺവൻഷൻ
കൺവൻഷൻ സെന്റർ നവാപൂർ, നന്ദുർബാർ, മഹാരാഷ്ട്ര

ഉദ്ഘാടനം
റവ. ജോയി പുന്നൂസ്
പ്രസംഗകർ
പാസ്റ്റർ നൂറുദ്ദീൻ മുള്ള
പാസ്റ്റർ റെജി മാത്യു
ഡോ. റോജി ജെ. ജോർജ്ജ്

2026 നവംബർ 12-15

സംഗീത ശുശ്രൂഷ
ഫിലദൽഫിയ ക്വയർ

പാസ്റ്റർ റെജി തോമസ് 9829666869

ശുശ്രൂഷക സമ്മേളനം | ബിരുദദാനം | മെഡിക്കൽ ക്യാമ്പ് | സഹോദരി സമ്മേളനം

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.